(ഡി) കുടുംബശ്രീയുമായി സഹകരിച്ചുകൊണ്ട് വിവിധോദ്ദേശ്യ തൊഴിൽ ക്ളബുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു കൂടാതെ ഐ. റ്റി. മിഷനുമായി സഹകരിച്ചുകൊണ്ടുള്ള അക്ഷയ പദ്ധതി, സിഡിറ്റുമായി സഹകരിച്ചു കൊണ്ടുള്ള സൈബർ ശ്രീ, വൈംശിയ വൈദ്യം എന്നീ പദ്ധതികളും നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മലിനജല നിവാരണ പദ്ധതി

*5 [405] ശ്രീ. ടി. കെ. ദേവകുമാർ :
,, ടി. പി. രാമകൃഷ്ണൻ :
,, സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം മലിനജല വിമുക്തമാക്കാനായി സർക്കാർ പ്രഖ്യാപിച്ച പുതിയ പദ്ധതികളുടെ പണി ആരംഭിച്ചിട്ടുണ്ടോ;

(ബി) അവയുടെ കാലകാലങ്ങളിലുള്ള പുരോഗതി വിലയിരുത്താറുണ്ടോ;

(സി) സർക്കാർ ഇതിനകം പ്രഖ്യാപിച്ച പദ്ധതികളിൽ ഇനിയും പണി ആരംഭിച്ചിട്ടില്ലാത്തവ ഏതെല്ലാമാണ്;

(ഡി) മലിനജല നിവാരണത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉണ്ടോ;

(ഇ) മലിനജല നിവാരണത്തിനായി നിലവിലുള്ള പദ്ധതികൾ അറ്റകുറ്റപ്പണി നടത്താത്തതും മൂലം പ്രവർത്തനക്ഷമമല്ലാതായിട്ടുള്ളവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) സംസ്ഥാനം മലിനജല വിമുക്തമാക്കാനായി പുതിയ പദ്ധതികൾ ഒന്നും ജലവിഭവ വകുപ്പ് ആരംഭിച്ചിട്ടില്ല. എന്നാൽ സ്വീവറേജ് സൗകര്യങ്ങൾ മെച്ചപ്പെടുത്താനും വിപുലീകരിക്കാനും നടപടികൾ എടുത്തു വരുന്നു.

(ബി) ഇവയുടെ പുരോഗതി വിലയിരുത്താറുണ്ട്.

(സി) സ്വീവറേജ് പദ്ധതികളിൽ തിരുവനന്തപുരം-സ്വീവറേജ് പദ്ധതിയുടെ ഭാഗമായി പേട്ട-ഭഗത്സിംഗ് കോളനിയിൽ നടപ്പിലാക്കാനായി ഭരണാനുമതി ലഭിച്ച പദ്ധതിയുടെ പണി ആരംഭിക്കേണ്ടതുണ്ട്. വാട്ടർ അതോറിറ്റി ഏറ്റെടുത്ത മറ്റു സ്വീവറേജ് പദ്ധതികളുടെ പണികൾ പുരോഗമിച്ചു വരുന്നു.

(ഡി) പമ്പാനദി മാലിന്യ വിമുക്തമാക്കുന്നതിനു വേണ്ടി ദേശീയ നദീ സംരക്ഷണ പദ്ധതിയുടെ കീഴിൽ പമ്പാ ആക്ഷൻ പ്ളാൻ എന്ന പേരിൽ 18.45 കോടി രൂപ അടങ്കൽ തുകയുള്ള ഒരു പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്ന് അനുമതി ലഭിക്കുകയുണ്ടായി. ഈ പദ്ധതി നടപ്പിലാക്കുന്നതിന് നോഡൽ ഏജൻസിയായി കേരള

LIBRARY ARCHIVES Kerala Legislative Assembly

വാട്ടർ അതോറിറ്റിയെ തിരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ, 20 ലക്ഷം രൂപ ചെലവു വരുന്ന പൊതുജന ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനും കേരള വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഇ) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയ സീവറേജ് പദ്ധതികളൊന്നും തന്നെ അറ്റകുറ്റപ്പണികൾ നടത്താത്ത കാരണത്താൻ പൂർണ്ണമായും പ്രവർത്തനക്ഷമ മല്ലാതായതായി റിപ്പോർട്ടു ചെയ്തിട്ടില്ല.

മത്സ്യവിപണന ശൃംഖല വിപുലീകരണവും ഉൾനാടൻ മത്സ്യവിപണന ശൃംഖലയും

*6 [406] ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മത്സ്യവിപണന ശൃംഖല വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ഒരു ഉൾനാടൻ മത്സ്യ വിപണന ശൃംഖല ആരംഭിക്കുവാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ഡി) ഉൾനാടൻ മത്സ്യവിപണന ശൃംഖലകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ ശൃംഖലയിൽ ഏതെല്ലാം മേഖലകളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ

(എഫ്) ഈ ശൃംഖലയ്ക്ക് വേണ്ടി എത്ര കോടി രൂപ ചെലവു വരുന്ന പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഉണ്ട്.

(ബി) രണ്ടുകോടി രൂപ അധിക കേന്ദ്ര സഹായം ലഭിക്കുന്നതിനായി (Addl. Central Assistance) നടപടി സ്വീകരിച്ചിട്ടുണ്ട്. അത് ലഭിക്കുന്ന മുറയ്ക്ക് ഇപ്പോൾ നിലവിലുള്ള ചില്ലറ വില്പന ശാലകൾ (Retail Market) നവീകരിക്കുവാനും ആവശ്യമുള്ളിടത്ത് പുതിയവ സ്ഥാപിക്കാനും നടപടി എടുത്ത് വരുന്നു.

(സി) ഇല്ല.

(ഡി—എഫ്) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly